"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - കൊല്ലം, അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലെ സീനിയർ സൂപ്രണ്ട്, ശ്രീ.എസ്.സുരേഷ് കുമാർ -ന്റെ ഭാര്യയുടെ ചികിത്സയ്ക്കായി ചെലവായ തുക പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.450/2024/F&WLD തീയതി,തിരുവനന്തപുരം, 15-10-2024**

---

പരാമർശം:- ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 11.09.2023 - ലെ KFDHQ/3824/2023-ADMIN/H2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വനം വന്യജീവി വകുപ്പിൽ, അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലെ സീനിയർ സൂപ്രണ്ട്, ശ്രീ.എസ്.സുരേഷ് കുമാർ-ന്റെ ഭാര്യയുടെ ചികിത്സയ്ക്ക് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ ചെലവായ തുക പ്രതിപൂരണം ചെയ്ത് നൽകുന്നതിനുള്ള അപേക്ഷയും അനുബന്ധരേഖകളും ശിപാർശ സഹിതം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിന് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലെ സീനിയർ സൂപ്രണ്ടായ എസ്.സുരേഷ് കുമാറിന്റെ ഭാര്യയുടെ ചികിത്സയ്ക്ക് 04/05/2022 മുതൽ 27.07.2022 വരെ എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയമെന്ന് അറിയിച്ചിരിക്കുന്ന തുകയായ 56,250/- രൂപയുടെ 80 ശതമാനമായ 45,000/-രൂപ (നാൽപ്പത്തി അയ്യായിരം രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സീത എസ് ലക്ഷ്മി**

**അണ്ടർ സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം),
തിരുവനന്തപുരം(അപേക്ഷയും അനുബന്ധരേഖകളും സഹിതം).
ശ്രീ.എസ്.സുരേഷ് കുമാർ, (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം) മുഖാന്തിരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്),കേരള,തിരുവനന്തപുരം.
ധനകാര്യ(ലോൺസ്) വകുപ്പ്(2630042/Loans-L1/456/2023-FIN തീയതി 07.10.2024 പ്രകാരം).

വെബ് & ന്യൂ മീഡിയ.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad. S
Date: 16-10-2024 09:18:43

സെക്ഷൻ ഓഫീസർ.